"ഭരണഭാഷ - മാതൃഭാഷ"

നമ്പർ പി2/29168/2016/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: 20.01.2020
ഫോൺ: 0471-2303107

## പരിപത്രം

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ - സംബന്ധിച്ച്.

സൂചന: 1). 10.04.2019 - ലെ ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം.
2). കെ2/11/2020/ഉ.വി.വ നമ്പരായ സർക്കാർ കത്ത്.

*****

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പൊതുമരാമത്ത് വകുപ്പ് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവലോകനം അടിയന്തിരമായി നടത്തുവാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതും ( തുക തിരിച്ചടയ്ക്കാത്തതും പൂർത്തിയാക്കാത്തതുമായ PWD പെൻഡിംഗ് വർക്കുകൾ) സംബന്ധിച്ച് സൂചന 1 ലെ സർക്കുലർ അനുസരിച്ച് തയ്യാറാക്കിയ റിപ്പോർട്ടും ഓൺലൈൻ സ്പ്രെഡ്ഷീറ്റിനെ അപ്ഡേറ്റ് ചെയ്ത് പ്രിൻസിപ്പാൾ / വാർഡൻ സാക്ഷ്യപ്പെടുത്തിയ പകർപ്പും 21.01.2020 ഉച്ചയ്ക്ക് 12 മണിയ്ക്കകം planningdce@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു.

Jayasree m.A

സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം : മേൽ പ്രസ്താവിതം

എസ്.കെ. 21.01.2020

1/2

മീറ്റിംഗ്/
വളരെ അടിയന്തിരം

**കേരള സർക്കാർ**

നം. കെ2/11/2020/ഉ.വി.വ.

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്,
തിരുവനന്തപുരം,
തീയതി:

**ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി**

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം
4. സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം
5. സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം
6. സ്റ്റേറ്റ് ലെയിസൺ ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്. സെൽ, ആറാം നില, വികാസ് ഭവൻ, തിരുവനന്തപുരം
7. പ്രവേശന പരീക്ഷാ കമ്മീഷണർ,ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം
8. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജോ ടവേഴ്സ്,വഴുതക്കാട്, തിരുവനന്തപുരം.
9. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
10. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള ആനത്തറ ലെയ്ൻ, ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
11. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
12. മെമ്പർ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ കൗൺസിൽ, കെ.എസ്.എസ്. ടി.എം.ക്യാമ്പസ്, പി.എം.ജി, തിരുവനന്തപുരം
13. കെ ആർ. നാരായണ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ്, കൃഷ്ണനഗർ, പേരൂർക്കട, തിരുവനന്തപുരം-5
14. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം - 13.
15. ഡയറക്ടർ, കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം
16. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ / നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, നുവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.
17. ഡയറക്ടർ, കേരള ചരിത്ര ഗവേഷണ കൗൺസിൽ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, നളന്ദ പി.ഓ., തിരുവനന്തപുരം.

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - വകുപ്പിന് കീഴിൽ പൊതുമരാമത്ത് വകുപ്പ് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അവലോകന യോഗം- റിപ്പോർട്ട് ആവശ്യപ്പെടുന്നത് - സംബന്ധിച്ച്

സൂചന :- പൊതുമരാമത്ത് (ഇ) വകുപ്പിന്റെ 9.01.2020-ലെ നം.ഇ 3/360/2019/പൊ.മവ നമ്പർ കത്ത്

ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പൊതുമരാമത്ത് വകുപ്പ് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകനം 27.01.2020 ന് നടത്തുവാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വിഷയത്തെ സംബന്ധിച്ച റിപ്പോർട്ട് 23.01.2020 ന് മുമ്പായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ
**രാജേഷ് കുമാർ.കെ.കെ**
അണ്ടർ സെക്രട്ടറി
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

150 YEARS OF CELEBRATING THE MAHATMA

പി2/29168/2016/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം തിരുവനന്തപുരം
തീയതി : 10.04.2019

## പരിപത്രം

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തുന്ന പ്രവർത്തികൾ സംബന്ധിച്ച്

സൂചന : 2016-17 വർഷത്തെ AG ഓഡിറ്റ് റിപ്പോർട്ട്

****************************************

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ നിർമാണന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനായി കലാ കാലങ്ങളായി പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുകയും നാളിതുവരെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാത്തതും പൂർത്തിയാകാതുമായ പ്രവർത്തികളെ സംബന്ധിച്ച് AG 2016-17 വർഷത്തെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട് . നിർമാണപ്രവർത്തനങ്ങൾ ആരംഭിക്കാത്തതും പൂർത്തിയാകാതുമായ പ്രവർത്തനങ്ങളിൽ Implementing Officer/Executing Officer തലങ്ങളിൽ ഗുരുതരമായ വീഴ്ച്ച വരുത്തിയതായി AG റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ താഴേ പറയുന്ന നടപടികൾ കർശനമായി കൈകൊള്ളുവാൻ നിർദ്ദേശിച്ചുകൊള്ളുന്നു.

1. നിർമാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി സ്ഥാപന മേധാവി പൊതുമരാമത്ത് അധികാരികളുമായി എല്ലാ മാസവും നോഡൽ ഓഫീസർ മുഖേന ബന്ധപ്പെടേണ്ടതാണ്.
2. നിർമാണ പ്രവർത്തങ്ങളുടെ തൽസ്ഥിതി റിപ്പോർട്ട് വകുപ്പുതലത്തിലും സർക്കാർ തലത്തിലും അവലോകനംചെയ്യുന്നതിനായി ഈ ഓഫീസിൽ നിന്നും വിവിധ സ്ഥാപങ്ങൾക്ക് ലഭ്യമാക്കിയിരിക്കുന്ന google online spread sheet ൽ മാസത്തിനൊരിക്കൽ കൃത്യമായി പുരോഗതി രേഖപ്പെടുത്തേണ്ടതാണ് . ഇക്കാര്യത്തിൽ വീഴ്ച്ച വരുത്തുന്നത് തികഞ്ഞ കൃത്യവിലോപമായി കണക്കാക്കുന്നതും അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ് .

3. മേൽ പരാമർശിച്ചിരിക്കുന്ന പ്രവർത്തനങ്ങളിൽ പൊതുമരാമത്ത് വകുപ്പിൽനിന്നുള്ള അനാസ്ഥ ബഹു എം.എൽ.എ മാരെ ബോധ്യപ്പെടുത്തി, നിർമാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവരങ്ങൾ അവർക്ക് നൽകി ടി വിഷയം ബഹു ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേരുന്ന DDC (District Development Committee) മീറ്റിംഗിൽ ഉന്നയിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തി തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.
4. നിർമാണ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിപൂർണ ഉത്തരവാദിത്വം Implementing Officer ലും (സ്ഥാപന മേധാവി) & Executing Officer ലും നിക്ഷിപ്തമായിരിക്കുന്നതാണ്. 2017.2018 നു മുൻപുള്ള വർക്കുകൾക്ക് പി. ഡബ്ലിയു. ഡി ടെൻഡർ ചെയ്തിട്ടുണ്ടോ എന്നുറപ്പ് വരുത്തി സ്റ്റാറ്റസ് റിപ്പോർട്ട് ചെയ്യുക.
5. നിർമാണ പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വയ്ക്കുന്നതിന് ഒരു രജിസ്റ്റർ സ്ഥാപനങ്ങളിൽ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്
6. നിർമാണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനു വേണ്ടി എല്ലാ സ്ഥാപനങ്ങളിലും ഓരോ നോഡൽ ഓഫീസറെ നിയമിക്കേണ്ടതാണ്

ഹരിത വി കുമാർ ഐ എ എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ